# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## www.ksad.kerala.gov.in

## കോളയാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.11/1093/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 23/10/2021
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കോളയാട് ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : കോളയാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കോളയാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ

ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.11/1093/2021

തീയ്യതി: 23/10/2021

# <u>കണ്ണൂർ ജില്ലയിലെ കോളയാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.</u>

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ കോളയാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 07-06-2020 മുതൽ 05-09-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 07-06-2020 മുതൽ 31-03-2021 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 19 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## <u>(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>

<u>ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:</u>

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. സാബു പി.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 06-09-2021 | 22-09-2021 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 06-09-2021 | 22-09-2021 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ. പ്രദീപ് കുമാർ, ഓഡിറ്റ് ഓഫീസർ
ശ്രീമതി. വിപിന വത്സരാജ്,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. ആൽബർട്ട് ജോസ്,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. പ്രത്യുഷ്,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ടി.ശങ്കരൻ | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| ശ്രീമതി.റിജി.എം | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീമതി.മുന്ന.പി.സദാനന്ദ് | സെക്രട്ടറി | 01-04-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ദാസൻ നിട്ടൂർ | അസി. സെക്രട്ടറി | 01-04-2020 | 19-06-2020 |
| ശ്രീമതി. രജനി.കെ | അസി. സെക്രട്ടറി | 20-06-2020 | 31-03-2021 |

| | | | |
|---|---|---|---|
| ശ്രീമതി. റിൻസി റോസ്.ടി.ജോൺ | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ. ഐ.എ.രാജൻ | വെറ്റിനറി സർജൻ | 01-04-2020 | 10-07-2020 |
| ഡോ. വിനീത്.കെ | വെറ്റിനറി സർജൻ | 11-07-2020 | 31-03-2021 |
| ശ്രീമതി. ബിന്ദു.ടി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീമതി. പ്രീയ.പി | അസി.എഞ്ചിനീയർ | 01-04-2020 | 03-08-2020 |
| ശ്രീ.സാജു എടാൻ | അസി.എഞ്ചിനീയർ | 04-08-2020 | 31-03-2021 |
| ശ്രീ. വിൽഫ്രഡ് സാജൻ | വി.ഇ.ഒ (കോളയാട്) | 01-04-2020 | 23-10-2020 |
| ശ്രീമതി.രാജശ്രീ വാഴയിൽ | വി.ഇ.ഒ (കോളയാട്) | 24-10-2020 | 31-03-2021 |
| ശ്രീ. ധനേഷ് പുതുക്കുടി | വി.ഇ.ഒ (വേക്കളം) | 01-04-2020 | 31-03-2021 |
| ശ്രീമതി.പ്രീത.പി.വി | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി. ദീപ ജോസ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി ധന്യ റാം | ഹെഡ് മിസ്ട്രസ്സ് | 01-04-2020 | 31-08-2020 |
| ശ്രീ.രാജീവൻ കെ.പി. | ഹെഡ് മാസ്റ്റർ | 01-09-2020 | 31-03-2021 |
| ഡോ.ഷഫാഫ് അബ്ദുൾ കരീം | മെഡിക്കൽ ഓഫീസർ, (പി.എച്ച്.സി.) | 01-04-2020 | 31-03-2021 |
| ഡോ.അരുൺ പി.കെ. | മെഡിക്കൽ ഓഫീസർ | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| | (ആയുർവ്വേദം) | | |

12.11.2020 മുതൽ 29.12.2020 വരെ ശ്രീമതി. മുന്ന.പി.സദാനന്ദ് സെക്രട്ടറി, ശ്രീമതി. റിൻസി റോസ്.ടി.ജോൺ കൃഷി ഓഫീസർ, ശ്രീ.സാജു എടാൻ അസി.എഞ്ചിനീയർ എന്നിവരടങ്ങിയ ഭരണ നിർവ്വഹണ സമിതിയാണ് നിലവിലുണ്ടായിരുന്നത്.

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികകണക്ക് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ | 1-2-1 |
| 3 | വാർഷികധനകാര്യപത്രിക | 1-2 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമ പദ്ധതികൾ | 1-7 |
| 9 | ക്യാഷ് പരിശോധന | 1-8 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 11 | തൊഴിൽ നികുതി അപാകങ്ങൾ | 1-10 |
| 12 | ലൈസൻസ് ഫീസ് അപാകങ്ങൾ | 1-11 |
| 13 | മാർക്കറ്റ് ഫീസ് കുടിശ്ശിക-പിരിച്ചെടുക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-12 |
| 14 | സേവന പുസ്തകം ലഭ്യമല്ല - ടെർമിനൽ സറണ്ടർ ഇനത്തിലെ 2,31,079 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-13 |
| 15 | മാവേലി സ്റ്റോറിന് അധികതുക നൽകി : ₹10031 യുടെ ചെലവ് നിരാകരിക്കുന്നു. | 1-14 |
| 16 | അങ്കണവാടി അവലോകനം | 1-15 |
| 17 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 1-16 |
| 18 | എസ്.എസ്.എ വിഹിതം നൽകൽ -മോണിറ്ററിങ് ഫലപ്രദമാക്കേണ്ടതാണ് | 1-17 |
| 19 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്-അർഹമായ മുഴുവൻ തുകയും ഉറപ്പുവരുത്തേണ്ടതാണ് | 1-18 |
| 20 | ആവശ്യമായ ഫണ്ട് വകയിരുത്തിയില്ല – ക്ഷീരകർഷകർക്ക് അർഹമായ ആനുകൂല്യം | 1-19 |

| | | |
|---|---|---|
| | ലഭിച്ചില്ല. | |
| 21 | ലൈഫ് ഭവനപദ്ധതി -ഭവന നിർമ്മാണം പൂർത്തിയായില്ല | 1-20 |
| 22 | ക്ളീൻകേരള -കൈപ്പറ്റ് രശീതില്ല | 1-21 |
| 23 | സെക്യൂരിറ്റി രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല | 1-22 |
| 24 | കരാറുകാർ സെൽഫ് ഡിക്ലറേഷൻ ഫാറം ഹാജരാക്കാതെ GST കോമ്പൻസേഷൻ അനുവദിച്ചു | 1-23 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | മാവേലി സ്റ്റോറിന് അധികതുക നൽകി : ₹10031 യുടെ ചെലവ് നിരാകരിക്കുന്നു. | 3-1 |
| **ഭാഗം 4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

| | |
|---|---|
| 3 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് |
| 4 | ഇൻകം & എക്സ്പെന്ററിച്ചർ സ്റ്റേറ്റ്മെന്റ് |
| 5 | ബാലൻസ് ഷീറ്റ് |

# ഭാഗം –1

# പൊതു അവലോകനം

## 1-1 ബജറ്റ്

കോളയാട് ഗ്രാമപഞ്ചായത്തിന്റെ 2020-21 സാമ്പത്തിക വർഷത്തെ ബജറ്റ് 18-03-2020 തീയതിയിലെ 1/56 തീരുമാനപ്രകാരവും പുതുക്കിയ ബജറ്റ് 20-02-2021 ലെ 1/86 നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

| | ബജറ്റ് പ്രകാരം | പുതുക്കിയ ബജറ്റ് പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 1375730 | 1855328 |
| വരവ് | 187223140 | 147916307 |
| ആകെ | 188598870 | 149771635 |
| ചെലവ് | 187393770 | 148531986 |
| നീക്കിയിരിപ്പ് | 1205100 | 1239649 |

## 1-2-1 വാർഷികകണക്ക് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

കോളയാട് ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ വാർഷിക കണക്ക് പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ താഴെ കൊടുക്കുന്നു.

1) വസ്തുനികുതി

A) വാർഷിക ധനകാര്യ പത്രികയിലെ വസ്തുനികുതി ഇനത്തിലെ തൻവർഷ കളക്ഷൻ , കുടിശ്ശിക എന്നിവ സഞ്ചയ പ്രകാരമുള്ള തൻവർഷ കളക്ഷൻ , കുടിശ്ശിക എന്നിവയുമായി പൊരുത്തപ്പെടുന്നില്ല. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ഇനം | സഞ്ചയ പ്രകാരം | AFS പ്രകാരം | വ്യത്യാസം |
|---|---|---|---|
| കലക്ഷൻ | 2596409 | 2592497 | 3912 |
| കുടിശ്ശിക | 19792 | 19247 | 545 |

വ്യത്യാസം വിശദമാക്കേണ്ടതാണ്.

B) വസ്തുനികുതി മുൻവർഷങ്ങളിലെ കുടിശ്ശിക വാർഷിക ധനകാര്യ പത്രികയിലേതും സഞ്ചയ പ്രകാരമുള്ളതിലേയും തമ്മിൽ പൊരുത്തപ്പെടുന്നില്ല. വിശദവിവരം ചുവടെ കൊടുക്കുന്നു.

| സഞ്ചയ പ്രകാരം | AFS പ്രകാരം | വ്യത്യാസം |
|---|---|---|
| 21493 | 22088 | 595 |

വ്യത്യാസം വിശദമാക്കേണ്ടതാണ്.

2)തൊഴിൽ നികുതി

വാർഷിക ധനകാര്യ പത്രിക , തൊഴിൽ നികുതി രജിസ്റ്റർ എന്നിവ പ്രകാരം ജീവനക്കാരുടെ തൊഴിൽനികുതി ഡിമാന്റ് 935250 രൂപയാണ്. എന്നാൽ ഈയിനത്തിലെ കലക്ഷൻ വാർഷിക ധനകാര്യ പത്രിക പ്രകാരം 904050 രൂപയും, തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം 935250 രൂപയുമാണ്. 31200രൂപയുടെ വ്യത്യാസം.

3) ഷോപ്പിങ് കോംപ്ലക്സ് വാടക

ഷോപ്പിങ് കോംപ്ലക്സ് വാടക ഡിമാന്റ് ,കലക്ഷൻ എന്നിവ വാർഷിക ധനകാര്യ പത്രികയിലും, വാടക രജിസ്റ്ററിലും താഴെ പറയും പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

| | വാർഷിക ധനകാര്യ പത്രിക പ്രകാരം | വാടക രജിസ്റ്റർ പ്രകാരം | വ്യത്യാസം. |
|---|---|---|---|
| ഡിമാന്റ് | 1017217 | 1020067 | 2850 |
| കലക്ഷൻ | 988314 | 1020067 | 31753 |
| ബാലൻസ് | 28903 | 0 | 28903 |

വാർഷിക ധനകാര്യപത്രികയിലെ രേഖപ്പെടുത്തലുകൾ പ്രകാരം 28903 രൂപ പിരിഞ്ഞു കിട്ടാൻ ബാക്കിയുണ്ട്. എന്നാൽ വാർഷിക ധനകാര്യ പത്രികയിലെ ബാലൻസ് ഷീറ്റിൽ ഈയിനത്തിൽ കുടിശ്ശികയില്ല. 2019-20വർഷം ഈയിനത്തിൽ മുൻകൂറായി ലഭിച്ച തുക (AFS B-9 ഷെഡ്യൂൾ പ്രകാരം ) 5784 രൂപ മാത്രമാണ്.

4) ഡിമാന്റ് കലക്ഷൻ ബാലൻസ് സംക്ഷിപ്തം എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വിവിധ ഡെപ്പൊസിറ്റിനങ്ങളുടെ കൃത്യത ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടില്ല.

5) RP-40b യിൽ Special TSB A/C (NABARD) എന്ന അക്കൗണ്ടിൽ 2,87,667 രൂപ നീക്കിയിരിപ്പുണ്ട്. ഈ അക്കൗണ്ട് സംബന്ധിച്ച രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല

6) ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

7) RP-40b യിൽ വിവിധ അക്കൗണ്ടുകളിലെ നീക്കിയിരിപ്പായി കാണിച്ച തുകയും അതത് അക്കൗണ്ടുകളുടെ പാസ് ബുക്ക്/ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള നീക്കിയിരിപ്പും താഴെ കൊടുത്ത പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

| അക്കൗണ്ട് | പാസ് ബുക്ക് പ്രകാരം നീക്കിയിരിപ്പ് | AFS പ്രകാരം നീക്കിയിരിപ്പ് | വ്യത്യാസം |
|---|---|---|---|

| | | | |
|---|---|---|---|
| SBI E-Payment | 5241987.4 | 3348447 | 1893540.4 |
| നിർമ്മൽ പുരസ്കാർ | 3881444.75 | 2821445 | 1059999.75 |
| കോളയാട് സർവ്വീസ് സഹകരണ ബാങ്ക് (216)<br>തനത് ഫണ്ട് | 5592841 . 19 | 5504457 | 88384.19 |

റീ കൺസിലിയേഷൻ നടത്തിയിട്ടില്ലാത്തതിനാൽ വ്യത്യാസം എന്തെന്ന് വ്യക്തമാക്കപ്പെട്ടിട്ടില്ല.

8) മാർച്ച് മാസം കൊടുത്ത് തീർക്കാനുള്ള ബാധ്യതയായി B-9 ഷെഡ്യൂളിൽ കാണിച്ച തുകയും ആയത് ഏപ്രിൽ മാസത്തെ വൗച്ചർ പ്രകാരം കൊടുത്തതും തമ്മിൽ താഴെ കൊടുത്ത പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

| ക്രമ നമ്പർ | കോഡ് നമ്പർ | ഇനം | B-9 പ്രകാരം | വൗച്ചർ പ്രകാരം |
|---|---|---|---|---|
| 1 | 350110104 | Pension Contribution Payable | 77325 | 80535<br>വൗച്ചർ നമ്പർ22100020/3.4.21 |
| 2 | 350200102 | Kerala Panchayat Employees Provident Fund | 911,704 | 90250<br>വൗച്ചർ നമ്പർ22100022/3.4.21 |
| 3 | 350200101 | General Provident Fund | 326,982 | 42250<br>വൗച്ചർ നമ്പർ22100021/3.4.21 |
| 4 | 350200199 | Other Recoveries From Employees | 16,835 | 12304<br>വൗച്ചർ നമ്പർ22100027/3.4.21; ₹6152<br>വൗച്ചർ നമ്പർ22100028/3.4.21; ₹6152 |

മേൽ അപാകങ്ങൾ പരിഹരിക്കേണ്ടതാണ്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2021 | 03-09-2021 | തിരിച്ചയച്ചിട്ടില്ല | -- |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 18925814 |
| വരവ് | 72377969 |
| ആകെ | 91303783 |
| ചെലവ് | 73795029 |
| നീക്കിയിരിപ്പ് | 17508754 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | | 0 | 12702375 | 12702375 | 12243233 | 459142 |
| വികസന ഫണ്ട്-എസ്.സി.പി | | 0 | 506000 | 506000 | 495922 | 10078 |
| വികസന ഫണ്ട്-ടി.എസ്.പി | | 0 | 10529122 | 10529122 | 10529122 | 0 |
| മെയിന്റനൻസ്, റോഡ് | | 0 | 9142000 | 9142000 | 9142000 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് | | 0 | 3728898 | 3728898 | 3728898 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | | 0 | 15787381 | 15787381 | 7883575 | 7903806 |
| കെ.എൽ.എസ്.ജി.ഡി.പി | | 0 | 0 | 0 | 0 | 0 |
| സാക്ഷരത | | 1946 | 62 | 2008 | 0 | 2008 |
| ദുരിതാശ്വാസനിധി | | 18067 | 0 | 18067 | 0 | 18067 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 43203000 | 43203000 | 43203000 | 0 |

| | | | | | | |
|---|---|---|---|---|---|---|
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 914486 | 1749989 | 2664475 | 2661937 | 2538 |
| ബി.ആർ.ജിഎഫ് | | 62929 | 0 | 62929 | 0 | 62929 |
| ടി.എസ്.സി | | 263919 | 2165203 | 2429122 | 1631939 | 797183 |
| ഡബ്ല്യ.ജി.ഡി.പി | | 2155575 | 69245 | 2224820 | 2224820 | 0 |
| ഐ.സി.ഡി.എസ് | | 1311747 | 1112131 | 2423878 | 1048539 | 1375339 |
| ജലനിധി | | 1479155 | 1485453 | 2964608 | 2964608 | 0 |
| നബാർഡ് | | 287667 | 0 | 287667 | 0 | 287667 |
| ബി.എം.സി | | 300589 | 0 | 300589 | 0 | 300589 |
| ബി ഫണ്ട് | | 0 | 57818800 | 57818800 | 57818800 | 0 |
| തനത് ഫണ്ട് | ട്രഷറി അക്കൗണ്ട് | 5081660 | 9224604 | 14306264 | 13294426 | 1011838 |
| | ബാങ്ക് അക്കൗണ്ട് | 2325892 | 6317697 | 8643589 | 11126436 | 8852904 |

ഉറവിടത്തിൽ നിന്ന് കുറവ് ചെയ്ത തുക വരവിലും ചെലവിലും ഉൾപ്പെടുത്തിയാണ് കണക്ക് തയ്യാറാക്കിയിട്ടുള്ളത്. ഐ.കെ.എം. തയ്യാറാക്കിയ ഗ്രാന്റ് വിനിയോഗ പത്രിക പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 176 | 170202513 | 139 | 54503099 | 7 | 37 | 75 |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>

ഇല്ല

<u>നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികളുടെ വിവരങ്ങൾ</u>

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആകെ പദ്ധതികളുടെ എണ്ണം | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 17 | 11 | 3862379 | 2320964 | 60 |
| വെറ്റിനറി സർജ്ജൻ | 13 | 12 | 4897257 | 2176691 | 44 |
| മെഡിക്കൽ ഓഫീസർ,പി എച്ച് | 11 | 10 | 1964717 | 1842811 | 94 |

| | | | | | |
|---|---|---|---|---|---|
| സി | | | | | |
| മെഡിക്കൽ ഓഫീസർ,ആയുർവേദ | 2 | 1 | 800000 | 600000 | 75 |
| ഫിഷറീസ് സബ്ഇൻസ്പക്ടർ | 1 | 0 | 1230000 | 0 | 0 |
| വി ഇ ഒ | 18 | 14 | 103991973 | 9824142 | 9 |
| ഐസിഡിഎസ് സൂപ്പർവൈസർ | 6 | 5 | 5462974 | 4730883 | 87 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 525000 | 375000 | 71 |
| സെക്രട്ടറി | 22 | 19 | 4281506 | 3417282 | 80 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 72 | 54 | 38227555 | 24658336 | 65 |
| ഹെഡ്മാസ്റ്റർ | 8 | 8 | 2428902 | 2189137 | 90 |
| അസിസ്റ്റന്റ് സെക്രട്ടറി | 5 | 4 | 2530250 | 2367853 | 94 |
| | 176 | 139 | 170202513 | 54503099 | 32 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 914486 | 1749989 | 2664475 | 2661937 | 2538 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 4386000 | 4386000 | 4386000 | 0 |
| ആകെ | 914486 | 6135989 | 7050475 | 7047937 | 2538 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 7200 | 11 |
| | | |

| | | |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 4732800 | 274 |
| വിധവാപെൻഷൻ | 15944800 | 835 |
| വാർദ്ധക്യകാലപെൻഷൻ | 30882100 | 1721 |
| വികലാംഗപെൻഷൻ | 4394700 | 227 |
| അവിവാഹിത പെൻഷൻ | 1827200 | 101 |
| വിവാഹ ധനസഹായം | 30000 | 1 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 09-09-2021 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1058രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവേ തൃപ്തികരമാണ്. വിവിധ സെക്ഷനുകളുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും നിർണയിച്ചുകൊണ്ടുള്ള വിശദമായ ജോലി വിഭജനരേഖ തയ്യാറാക്കിയിട്ടുണ്ട്. ഓഫീസ് ഉത്തരവുകളിലൂടെ ആവശ്യമായ മാറ്റങ്ങൾ വരുത്തുകയും നിർദ്ദേശങ്ങൾ നല്കുകയും ചെയ്യുന്നുണ്ട്. സ്റ്റാഫ് മീറ്റിങ്ങുകൾ ചേർന്ന് ഓഫീസിന്റെ പ്രവർത്തനം വിലയിരുത്തുകയും അപാകങ്ങൾ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നല്കുകയും ചെയ്തിട്ടുണ്ട്. ഓഫീസ് മീറ്റിങ്ങുകളിൽ നികുതികൾ പിരിച്ചെടുക്കുന്നതിലെ പുരോഗതിയും, ഫ്രണ്ട് ഓഫീസിന്റെ പ്രവർത്തനവും വിലയിരുത്തപ്പെടുന്നുണ്ട്. പഞ്ചായത്തിന്റെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പുതിയ നിർദ്ദേശങ്ങളൊന്നും തന്നെ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിററി യോഗങ്ങളിൽ ചർച്ചചെയ്യപ്പെടുന്നതായി ധനകാര്യ സ്റ്റാൻഡിംഗ് കമ്മിററി മിനുട്സുകൾ പരിശോധിച്ചതിൽ കാണുന്നില്ല.

## 1-10 തൊഴിൽ നികുതി അപാകങ്ങൾ

എഫ് ടി ഇ & ഒ എസ് ലൈസൻസ് എടുത്ത എല്ലാ വ്യാപാര വ്യവസായ സ്ഥാപനങ്ങളിലെയും ജീവനക്കാരുടെ തൊഴിൽ നികുതി റിട്ടേൺസ് പഞ്ചായത്തിൽ നിന്നും ആവശ്യപ്പെട്ടിട്ടുണ്ടോ എന്നുള്ളത് വ്യക്തമല്ല. ചില വ്യാപാര സ്ഥാപനങ്ങളുടെ ലൈസൻസ് അപേക്ഷകളിൽ സൂചിപ്പിച്ചിട്ടുള്ള ജീവനക്കാരെ സംബന്ധിച്ച വിവരങ്ങൾ ഉദാഹരണമായി താഴെ കൊടുത്തിട്ടുണ്ട്. ഈ ജീവനക്കാർ തൊഴിൽ നികുതി പരിധിയിൽ പെടുന്നവരാണോ എന്നും കേരളാ പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 205 സി പ്രകാരമുള്ള നടപടികൾ സ്വീകരിക്കാറുണ്ടോ എന്നും ഓഡിറ്റ് എൻക്വയറി (നം .15 തിയ്യതി 20.09.2021) മുഖേന അന്വേഷിച്ചെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല .

| ക്രമ നമ്പർ | സ്ഥാപന ഉടമയുടെ പേര് | വാർഡ്/കെട്ടിട നമ്പർ | സംരംഭം | ജീവനക്കാരുടെ എണ്ണം |
|---|---|---|---|---|
| | | | | |

| | | | | |
|---|---|---|---|---|
| 1 | ബെന്നി വി. കെ . | 11/212A | വി കെ സ്റ്റോൺ ക്രഷർ | 11 |
| 2 | വി. പി . പ്രഭാകരൻ | 14/419 | ഹോളി ഗ്രാനൈറ്റ് & ബ്രിക്സ് പ്രൈവറ്റ് ലിമിറ്റഡ് | 10 |
| 3 | എം. എം. തോമസ് | 12/250A | മലബാർ കൺസ്ട്രക്ഷൻ മെറ്റീരിയൽസ് | 5 |
| 4 | എം എം തോമസ് & കണിയാട്ടയിൽ മുഹമ്മദ് ഹാജി | 12/245A,12/245B,12/248,12/250, 12/250A | മലബാർ കൺസ്ട്രക്ഷൻ മെറ്റീരിയൽസ് പ്രൈവറ്റ് ലിമിറ്റഡ് | 11 |
| 5 | എം എം തോമസ് & കണിയാട്ടയിൽ മുഹമ്മദ് ഹാജി | 1/19A | മലബാർ കൺസ്ട്രക്ഷൻ മെറ്റീരിയൽസ് പ്രൈവറ്റ് ലിമിറ്റഡ് | 11 |
| 6 | മഹമൂദ് പി.കെ . | 11/397A, 11/397B, 11/397C, 11/397D | ക്യാപിറ്റൽ ടൈൽ സ്റ്റുഡിയോ | 4 |

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 205 സി , 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 16 എന്നിവ പ്രകാരം ഒരു അർദ്ധ വർഷത്തെ തൊഴിൽ നികുതി നിർണയത്തിന് അർഹമായ കാലം കഴിഞ്ഞാലുടൻ സെക്രട്ടറി ഫോറം നമ്പർ 1 ൽ ഓഫീസ് തലവനോടോ തൊഴിലുടമയോടോ ജോലിയിലുള്ള ആളുകളുടെ ആകെയുള്ള ശമ്പളത്തെയോ വരുമാനത്തെയോ സംബന്ധിച്ച വിവരങ്ങൾ 15 ദിവസത്തിനുള്ളിൽ ഫോറം നമ്പർ II ൽ സമർപ്പിക്കാൻ ആവശ്യപ്പെടേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട് . ചട്ട പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ് .

**<u>തൊഴിൽ നികുതി ഈടാക്കിയിട്ടില്ല</u>**

തൊഴിൽ നികുതി ഡിമാൻഡ് രജിസ്റ്റർ പരിശോധിച്ചതിൻ പ്രകാരം നെടുംപൊയിൽ പെട്രോളിയം, ഓട്ടോമോട്ടീവ് മാർക്കറ്റിംഗ് പ്രൈവറ്റ് ലിമിറ്റഡ്, എം ജി എം പബ്ലിക് സ്കൂൾ (പുന്നപ്പാലം) എന്നീ സ്ഥാപനങ്ങളിൽ നിന്നും രണ്ടാം അർദ്ധ വർഷത്തെ തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല . നികുതി ഈടാക്കി ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

## 1-11 ലൈസൻസ് ഫീസ് അപാകങ്ങൾ

2020-21 വർഷത്തെ ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ കോളയാട് ഗ്രാമ പഞ്ചായത്തിലെ ഒട്ടു മിക്ക വ്യാപാര സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീ ആയി ഈടാക്കിയിട്ടുള്ളത് മിനിമം നിരക്കായ 500 രൂപയാണെന്ന് കാണുന്നു . ലൈസൻസിനായുള്ള അപേക്ഷകൾ പരിശോധിച്ചതിൽ പല സ്ഥാപനങ്ങളുടെയും മൂലധന നിക്ഷേപം കണക്കാക്കിയതായി കാണുന്നില്ല. എന്തിന്റെ അടിസ്ഥാനത്തിലാണ് ഈ സ്ഥാപനങ്ങൾക്ക് ലൈസൻസ് ഫീ നിശ്ചയിച്ചതെന്നും ഈടാക്കിയിട്ടുള്ളതെന്നും വ്യക്തമല്ല . ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| സ്ഥാപനത്തിന്റെ പേര് | ഉടമയുടെ പേര് | വാർഡ് / കെട്ടിട നമ്പർ |
|---|---|---|
| ജെ എൻ ട്രേഡേഴ്സ് | ജിതിൻ രാജ് .പി | 11/573B, 11/573C (ആകെ 2 കട മുറികൾ ) |
| വസ്ത്ര മഹൽ | മുഹമ്മദ് റാഫി .കെ | 11/520, 11/521, 11/522 |
| സൂപ്പർ ട്രേഡേഴ്സ് | മഹറൂഫ് .സി. കെ | 11/180, 11/185, 11/186 (ആകെ 3 കട മുറികൾ ) |
| തക്കു വുഡ് വർക്ക്സ് | സന്തോഷ് കെ. | 3/290A |

മൂലധന നിക്ഷേപം രേഖപ്പെടുത്തിയ ലൈസൻസിനുള്ള അപേക്ഷകൾ പരിശോധിച്ചതിൽ മൂലധന നിക്ഷേപം ശരിയായി തന്നെയാണോ കണക്കാക്കിയിട്ടുള്ളതെന്ന് വ്യക്തമല്ല. ഉദാഹരണമായി കോളയാട് ഗ്രാമ പഞ്ചായത്തിലെ വാർഡ് 11 ൽ നെല്ലേരി ട്രേഡേഴ്സ് എന്ന സ്ഥാപനത്തിന് 2 ലക്ഷം രൂപയാണ് മൂലധനം കണക്കാക്കിയിട്ടുള്ളത് .കമ്പി,സിമെന്റ് ,പെയിന്റ് ,ഹാർഡ്‌വെയർ ,സാനിറ്ററി ഫിറ്റിങ്സ് തുടങ്ങിയ കെട്ടിട നിർമാണ സാമഗ്രികൾ വിൽക്കുന്ന മേൽ പറഞ്ഞ സ്ഥാപനത്തിന് വ്യത്യസ്ത കെട്ടിട നമ്പറുകൾ ഉള്ള 7 കടമുറികൾ സ്വന്തമായുണ്ട് .മൂലധന നിക്ഷേപം കണക്കാക്കിയതിൽ പ്രകടമായ അസ്വാഭാവികത ഉള്ളതിനാലാണ് മേൽ പറഞ്ഞ സ്ഥാപനം ഉദാഹരണമായി ചൂണ്ടി കാണിച്ചിട്ടുള്ളത്. മറ്റുള്ള സ്ഥാപനങ്ങൾക്കും കണക്കാക്കിയ മൂലധന നിക്ഷേപം ശരിയായാണോ എന്നുള്ളത് വ്യക്തമല്ല. സ്ഥാപനങ്ങളുടെ മൂലധന നിക്ഷേപം കണക്കാക്കുന്നതിന് എന്തെങ്കിലും മാർഗനിർദേശങ്ങൾ പുറപ്പെടുവിക്കുകയോ മാനദണ്ഡങ്ങൾ നിശ്ചയിക്കുകയോ ചെയ്തിട്ടുണ്ടോ എന്ന് ഓഡിറ്റ് എൻക്വയറി (നം 7 തിയ്യതി 15.09.2021) മുഖേന അന്വേഷിച്ചെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-12 മാർക്കറ്റ് ഫീസ് കുടിശ്ശിക-പിരിച്ചെടുക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

2020 -21 ലെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചപ്പോൾ ബി -15 ഷെഡ്യൂൾ പ്രകാരം മാർക്കറ്റ് വരവിനത്തിൽ 305000 രൂപ കുടിശ്ശിക ഉള്ളതായി കാണുന്നു. 2019 -20സാമ്പത്തിക വർഷത്തിലും ഇതേ കുടിശ്ശിക ഉണ്ടായിരുന്നു. ഇതിന്റെ വിശദാംശങ്ങളും കുടിശ്ശിക പിരിച്ചെടുക്കാനായി സ്വീകരിച്ച

നടപടികളും അറിയിക്കാൻ ആവശ്യപ്പെട്ടു കൊണ്ട് ഓഡിറ്റ് എൻക്വയറി (നം . 14തിയ്യതി 20.09.2021) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല .

കുടിശിക പിരിച്ചെടുക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് .

**1-13 സേവന പുസ്തകം ലഭ്യമല്ല – ടെർമിനൽ സറണ്ടർ ഇനത്തിലെ 2,31,079 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.**

വൗച്ചർ നം - 22000632 തീയതി-05-11-2020

31-08-2020 ന് സേവനത്തിൽ നിന്നും വിരമിച്ച സീനിയർ ക്ലർക്ക് ശ്രീമതി.ഗ്രേസി.ഡി ക്ക് ടെർമിനൽ സറണ്ടർ ആനുകൂല്യമായി 2,31,079 രൂപ മേൽ വൗച്ചർ പ്രകാരം നല്കിയിട്ടുണ്ട്. ആനുകൂല്യം അനുവദിച്ചതിന്റെ കൃത്യത പരിശോധിക്കുന്നതിനായി ശ്രീമതി.ഗ്രേസി.ഡി യുടെ സേവന പുസ്തകം ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം-13/20-9-2021) സേവന പുസ്തകം പെൻഷൻ പരിഷ്കരണം നടത്തുന്നതിനായി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടരുടെ ഓഫീസിൽ സമർപ്പിച്ചിട്ടാണുള്ളത് എന്ന് മറുപടി നല്കിയിട്ടുണ്ട്. സേവന പുസ്തകത്തിന്റ അഭാവത്തിൽ ടെർമിനൽ സറണ്ടർ ആനുകൂല്യം അനുവദിച്ചതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ലാത്തതിനാൽ 2,31,079 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-14 മാവേലി സ്റ്റോറിന് അധികതുക നൽകി : ₹10031 യുടെ ചെലവ് നിരാകരിക്കുന്നു.**

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| പ്രോജക്ടിന്റെ നമ്പരും പേരും | 22/21 അംഗൻവാടി പോഷകാഹാരം(പട്ടികവർഗ്ഗം) |
| അടങ്കൽ | ₹347549വികസനഫണ്ട്<br>₹400000 കേന്ദ്രസഹായം |
| ചെലവ് | ₹347549വികസനഫണ്ട്<br>₹400000 കേന്ദ്രസഹായം |

മേൽ പദ്ധതിയുടെ ഭാഗമായി കേന്ദ്രസഹായമായ ₹400000 ചെലവഴിച്ചിരിക്കുന്നത്. KGB ചെക്ക് നമ്പർ 670480811/18-03-21 പ്രകാരം സപ്ളൈകോവിന് ₹ 371000, ട്രാൻസ്പോർട്ടേഷൻ ഇനത്തിൽ ₹ 29000 എന്നിവയ്ക്കായാണ്. സപ്ളൈകോയിൽ നിന്ന്₹ 371000യുടെ സാധനങ്ങൾ വാങ്ങിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. തുക മാവേലി സ്റ്റോറിന്റെ 16530200000907 നമ്പർ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്.

| ക്രമ നമ്പർ | ഇനം | റേറ്റ് | ബിൽ പ്രകാരം സാധനത്തിന്റെ തൂക്കം Kg | സ്റ്റോക്കിലെടുത്തത് | കുറവ് വന്നത് Kg | കുറവ് വന്ന സാധനങ്ങൾക്ക് ചെലവഴിച്ച തുക |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 1 | ഉഴുന്ന് | 109 | 142 | 139 | 3 | 327 |
| 2 | ചെറുപയർ | 110 | 350 | 350 | 0 | 0 |
| 3 | കടല | 82 | 300 | 310 | 10(അധികം) | 820(അധികം) |
| 4 | റാഗി | 61.16 | 20 | 21.5 | 1.5(അധികം) | 91.74(അധികം) |
| 5 | നിലക്കടല | 169.25 | 440 | 425 | 15 | 2538.75 |
| 6 | ഗോതമ്പ് | 52.69 | 3375 | 3325 | 50 | 2634.5 |
| 7 | വെളിച്ചെണ്ണ | 219.03 | 395 | 374.65 | 20.35 | 4457.26 |
| 8 | വെല്ലം | 73 | 62 | 61 | 1 | 73 |

കുറവ് വന്ന സാധനങ്ങളുടെ ആകെ വില 10030.51 രൂപയാണ്.

ബിൽ പ്രകാരം വിതരണം ചെയ്തതിലും കൂടുതൽ സാധനങ്ങൾ( കടല, റാഗി) സ്റ്റോക്കിലെടുത്തതെങ്ങനെയെന്നും വ്യക്തമല്ല . അംഗൻവാടി പോഷകാഹാരം സ്റ്റോക്ക് രജിസ്റ്റർ പേജ് നമ്പർ 24 ൽ സാധനങ്ങൾ മുകളിൽ കൊടുത്ത പ്രകാരം സ്റ്റോക്കിലെടുത്തത് അതാത് അംഗൻവാടി വർക്കറും സൂപ്പർവൈസറും സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 3/14-09-21 ന് നൽകിയ മറുപടിയിൽ മാവേലി സ്റ്റോർ ബിൽ വെരിഫൈ ചെയ്യാത്തത് മൂലമാണ് സാധനങ്ങൾ സ്റ്റോക്കിലെടുത്തതിൽ വ്യത്യാസം വന്നത് എന്നാണ്. എങ്കിൽ മാവേലി സ്റ്റോറിന് അധികം നൽകിയ തുക ഉത്തരവാദിയായവരിൽ നിന്നും ഈടാക്കേണ്ടതാണ്. അധികം ചെലവഴിച്ച ₹10031 ഓഡിറ്റിൽ നിരാകരിക്കുന്നു.

## 1-15 അങ്കണവാടി അവലോകനം

കോളയാട് ഗ്രാമപഞ്ചായത്തിൽ ആകെ 23 അങ്കണവാടികളാണുള്ളത്. ഇവയിൽ 21 അങ്കണവാടികൾക്ക് സ്വന്തമായി കെട്ടിടമുണ്ട്. 19 എണ്ണം ചുറ്റുമതിൽ കെട്ടി സംരക്ഷിച്ചിട്ടുണ്ട്. എന്നാൽ അങ്കണവാടികൾക്ക് ഒന്നിന് പോലും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ 4 തീയതി 14-09-21) മറുപടിയിൽ കോവിഡിന്റെ പശ്ചാത്തലത്തിൽ അങ്കണവാടികൾ സാധാരണ രീതിയിൽ പ്രവർത്തിക്കാത്തതിനാലാണ് സർട്ടിഫിക്കറ്റ് ലഭ്യമാകാതിരുന്നത് എന്നാണ് മറുപടി നല്കിയത്. മുഴുവൻ അങ്കണവാടികൾക്കും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതാണ്. കൂടാതെ അങ്കണവാടികളിലൊന്നിലും ബേബി ഫ്രണ്ടിലി ടോയിലറ്റ് സൗകര്യം ഒരുക്കിയിട്ടില്ല. ആയതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിലെ 23 അംഗൻവാടികളിൽ ന്യൂട്രിമിക്സ് വിതരണം നടത്തുന്നത് ജീവ ന്യൂട്രിമിക്സ് ,ആലച്ചേരി എന്ന സ്ഥാപനമാണ്. 2019-20,2020-21 എന്നീ വർഷങ്ങളിൽ ന്യൂട്രിമിക്സിന്റെ ഗുണനിലവാര പരിശോധനക്ക് അപേക്ഷ നൽകിയെങ്കിലും ഇതുവരെ സർട്ടിഫിക്കറ്റ് ലഭ്യമായിട്ടില്ല. കോവിഡ് പശ്ചാത്തലത്തിലാണ് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് കാലതാമസം നേരിടുന്നതെന്നാണ് ഐ.സി.ഡി.എസ് സൂപ്പർവൈസർ അറിയിച്ചത്. ഗുണനിലവാരമുള്ള ഭക്ഷ്യ വസ്തുക്കളാണ് വിതരണം നടത്തുന്നത് എന്ന് ഉറപ്പ് വരുത്താനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-16 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ടിന്റെ നമ്പരും പേരും | 3/21 ഐ.കെ.എമ്മിന് വിഹിതം നല്കൽ |
| അടങ്കൽ | ₹76,545 വികസനഫണ്ട് |
| ചെലവ് | ₹76,545വികസനഫണ്ട് |
| ബിൽ നമ്പർ& തീയ്യതി | 5/2020-21, 14-08-2020 |

മേൽ പ്രോജക്ട് പ്രകാരം 2020-21 വർഷത്തെ വിഹിതമിനത്തിൽ 76,545 രൂപ ഐ.കെ.എമ്മിന്റെ 57047023512 നമ്പർ ബാങ്ക് അക്കൗണ്ടിലേക്ക് 14-08-2020 ന് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. എന്നാൽ വിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം-8/17-09-2021) ,2018-19 വർഷം വരെയുള്ള വിനിയോഗ സാക്ഷ്യപത്രം അനുവദിച്ചിട്ടുണ്ട് എന്നും ഓഡിറ്റ് പൂർത്തിയാകുന്ന മുറക്ക് തുടർ വർഷങ്ങളിലെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതാണ് എന്നും ഐ.കെ.എം അറിയിച്ചിട്ടുണ്ട് എന്നാണ് സെക്രട്ടറി മറുപടി നല്കിയിട്ടുള്ളത്. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറക്ക് പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

## 1-17 എസ്.എസ്.എ വിഹിതം നൽകൽ -മോണിറ്ററിങ് ഫലപ്രദമാക്കേണ്ടതാണ്

എസ്.എസ്.എ വിഹിതം നൽകൽ പദ്ധതിയ്ക്കായി ഹെഡ് മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായ പ്രോജക്ട് പ്രകാരം 2020-21 സാമ്പത്തിക വർഷത്തെ പ്രവർത്തനങ്ങൾക്കായി 942390 ലക്ഷം രൂപ നൽകിയിട്ടുണ്ട്. ആയതിന് മുഴുവൻ തുകയും വിനിയോഗിച്ചതായി വ്യക്തമാക്കുന്ന വിനിയോഗ വിവരവും പ്രൊജക്ട് ഡയറക്ടർ ലഭ്യമാക്കിയിട്ടുണ്ട്.പദ്ധതി വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| എസ്.എസ്.എ വിഹിതം നൽകൽ (ജനറൽ), 52/2021 | 835407<br>BRN നം/തീ:<br>(201026926/04-04-21) |
| എസ്.എസ്.എ വിഹിതം നൽകൽ(TSP), 53/2021 | 106983<br>BRN നം/തീ:<br>(201027105/02-02-2021) |

എസ്.എസ്.എ വിഹിതം നൽകൽ ബഡ്ജറ്റ്/ വിനിയോഗ സാക്ഷ്യപത്രം പ്രകാരം ഗ്രാമപഞ്ചായത്ത് വിഹിതമായി നിശ്ചയിച്ചിരുന്നത് 14.58 ലക്ഷം രൂപയായിരുന്നു. എന്നാൽ 9.42 ലക്ഷം രൂപയാണ് ഗ്രാമപഞ്ചായത്ത് ഒടുക്കിയത്. കോവിഡ് 19 മൂലം 2020-21 അദ്ധ്യയന വർഷത്തിൽ സ്കൂളുകൾ തുറന്നുപ്രവർത്തിച്ചിട്ടില്ല. "Transport Facility" എന്ന കണക്കിൽ 74400/- രൂപ ചെലവഴിച്ചതായി SSA പറയുന്നുണ്ട്. ഇതിന്റെ ആധികാരികത മോണിറ്ററിങ് കമ്മിറ്റി ഉറപ്പു വരുത്തേണ്ടതാണ്. ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി എസ്.എസ്.എ. പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതും ഗ്രാമപഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള സ്കൂളുകളിലെ ചെലവുകളുടെ ഘടകങ്ങൾ തിരിച്ചുള്ള വിനിയോഗ സാക്ഷ്യപത്രം വാങ്ങി ചെലവുകളുടെ ആധികാരികത ഉറപ്പ് വരുത്തേണ്ടതുമാണ്.ഈ വസ്തുതകളിന്മേൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ 18 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നിർവഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-18 ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്-അർഹമായ മുഴുവൻ തുകയും ഉറപ്പുവരുത്തേണ്ടതാണ്

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| പ്രോജക്ടിന്റെ നമ്പരും പേരും | 47/21 ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് |
| അടങ്കൽ | ₹754425 വികസനഫണ്ട്<br>₹450000 തനത് ഫണ്ട്<br>₹150000 ബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>₹150000 ജില്ലാ പഞ്ചായത്ത് വിഹിതം |
| ചെലവ് | ₹ 754425 വികസനഫണ്ട്<br>₹253975 തനത് ഫണ്ട്<br>₹150000 ബ്ലോക്ക് പഞ്ചായത്ത് വിഹിതം |

ഗ്രാമപഞ്ചായത്തിലെ ശാരീരിക മാനസികവെല്ലുവിളികൾ നേരിടുന്നവർക്ക് ആനുകൂല്യങ്ങൾ നൽകുന്നതുമായി ബന്ധപ്പെട്ട് സ.ഉ(സാധാ) നമ്പർ 2465/2016തീയ്യതി 17-08-16 പ്രകാരം സൂക്ഷിക്കേണ്ട രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. രജിസ്റ്റർ സൂക്ഷിക്കാത്തത് കാരണം ഓരോ വിദ്യാർത്ഥിക്കും അർഹമായ മുഴുവൻ തുകയും ലഭിച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്താൻ കഴിഞ്ഞിട്ടില്ല. ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് എന്ന മേൽ പദ്ധതി പ്രകാരം ₹150000 ജില്ലാ പഞ്ചായത്ത് വിഹിതം വകയിരുത്തിയിരുന്നെങ്കിലും തുക ലഭിച്ചതായി കാണുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 5/14.09.21 ന് ഫണ്ടില്ലാതിരുന്നതിനാലാണ് തുക നൽകാൻ കഴിയാതിരുന്നതെന്നാണ് മറുപടി നൽകിയത്. തുക

സ്പിൽ ഓവർ പദ്ധതി ആയി 2021-22ൽ നടപ്പാക്കുമെന്നും അറിയിച്ചിട്ടുണ്ട്. ശാരീരിക മാനസികവെല്ലുവിളികൾ നേരിടുന്നവർക്ക് അർഹമായ മുഴുവൻ ആനുകൂല്യങ്ങളും ലഭ്യമാക്കുന്നതിനാവശ്യമായ ഫണ്ട് വകയിരുത്തുന്നതിനും ലഭ്യമാക്കുന്നതിനും വേണ്ടത്ര ശ്രദ്ധിക്കേണ്ടതാണ്. സ.ഉ(സാധാ) നമ്പർ 2465/2016തീയ്യതി 17-08-16 പ്രകാരം സൂക്ഷിക്കേണ്ട രജിസ്റ്റർ സൂക്ഷിച്ച് ഓരോ വിദ്യാർത്ഥിക്കും അർഹമായ മുഴുവൻ തുകയും ലഭിച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

**1-19 ആവശ്യമായ ഫണ്ട് വകയിരുത്തിയില്ല – ക്ഷീരകർഷകർക്ക് അർഹമായ ആനുകൂല്യം ലഭിച്ചില്ല.**

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ |
| പ്രോജക്ടിന്റെ നമ്പരും പേരും | 176/21 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി |
| അടങ്കൽ | ₹2,25,000 വികസന ഫണ്ട്(പൊതു വിഭാഗം)<br>₹1,50,000 ബ്ലോക്ക് പഞ്ചായത്ത്<br>₹1,50,000 ജില്ലാ പഞ്ചായത്ത്<br>₹5,25,000 |
| ചെലവ് | ₹2,25,000 , ബിൽനം-1/2020-21, 15-2-2021<br>₹1,50,000 , ബിൽനം-2/2020-21, 16-2-2021<br>₹3,25,000 |

14-02-2018 ലെ സർക്കാർ ഉത്തരവ് (കൈ) നം-22/2018/ത.സ്വ.ഭ.വ പ്രകാരം പുറപ്പെടുവിച്ച സബ്സിഡി-ധനസഹായം-അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർരേഖയിലെ ഖണ്ഡിക 6-2 (8) പ്രകാരം 40,000 രൂപ വാർഷിക പരിധിക്ക് വിധേയമായി, കർഷകർ ക്ഷീര സംഘത്തിൽ നല്കുന്ന ഒരു ലിറ്റർ പാലിന് 4 രൂപ നിരക്കിൽ (ക്ഷീര വികസന വകുപ്പ് നല്കുന്ന ഒരു രൂപ ഉൾപ്പെടെ) സബ്സിഡി അനുവദിക്കാവുന്നതാണ്. എന്നാൽ മേൽ പ്രോജക്ട് പ്രകാരം ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട 170 ക്ഷീരകർഷകർക്ക് 2020 ഏപ്രിൽ മുതൽ ആഗസ്റ്റ് വരെ 3 രൂപ നിരക്കിൽ സബ്സിഡി അനുവദിച്ചെങ്കിലും സപ്തംബർ മാസത്തിൽ 1.65 രൂപ നിരക്കിൽ മാത്രമാണ് സബ്സിഡി അനുവദിച്ചിട്ടുള്ളത്. തുടർന്നുള്ള മാസങ്ങളിൽ സബ്സിഡി അനുവദിച്ചതായും കാണുന്നില്ല. ക്ഷീരകർഷകർക്ക് അർഹമായ സബ്സിഡി ലഭിക്കാത്തത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ-1/13-09-2021.) ജില്ലാ പഞ്ചായത്ത് വിഹിതം ലഭിക്കാത്തതിനാലും, ഗ്രാമ,ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്ന് കൂടുതൽ ഫണ്ട് ലഭിക്കുന്നതിനുള്ള സാഹചര്യം ഇല്ലാത്തതിനാലുമാണ് അർഹമായ സബ്സിഡി നല്കാൻ സാധിക്കാഞ്ഞത് എന്നും ജില്ലാ പഞ്ചായത്ത് വിഹിതം ലഭിച്ചാൽ 2021-22 വർഷം സ്പിൽ ഓവർ പ്രോജക്ട് വഴി സബ്സിഡി അനുവദിക്കുന്നതാണെന്നും നിർവഹണ ഉദ്യോഗസ്ഥയായ ഡയറി എക്സ്റ്റെൻഷൻ ഓഫീസർ മറുപടി

നല്കിയിട്ടുണ്ട്. തുടർ വർഷങ്ങളിൽ പ്രോജക്ട് തയ്യാറാക്കുമ്പോൾ ആവശ്യമായ ഫണ്ട് വകയിരുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-20 ലൈഫ് ഭവനപദ്ധതി -ഭവന നിർമ്മാണം പൂർത്തിയായില്ല

കോളയാട് ഗ്രാമപഞ്ചായത്തിൽ ലൈഫ് ഭവനപദ്ധതി പ്രകാരം എഗ്രിമെന്റ് വച്ച് പണി പൂർത്തിയാക്കാൻ ബാക്കിയുള്ളവരുടെ വിശദവിവരം താഴെ കൊടുക്കുന്നു.

എഗ്രിമെന്റ് വച്ചവർ

| പട്ടികജാതി | പട്ടികവർഗ്ഗം | ജനറൽ | ആകെ |
|---|---|---|---|
| 2 | 16 | 57 | 75 |

നിർമ്മാണം പൂർത്തിയാക്കിയവർ

| പട്ടികജാതി | പട്ടികവർഗ്ഗം | ജനറൽ | ആകെ |
|---|---|---|---|
| 2 | 13 | 55 | 70 |

നിർമ്മാണം പൂർത്തിയാക്കാത്തവർ

| പട്ടികജാതി | പട്ടികവർഗ്ഗം | ജനറൽ | ആകെ |
|---|---|---|---|
| 0 | 3 | 2 | 5 |

നിർമ്മാണം പൂർത്തിയാക്കാൻ ബാക്കിയുള്ളവരുടെ വിവരങ്ങൾ

| ക്രമനമ്പർ | പേര് | എഗ്രിമെന്റ് തീയ്യതി | ആകെ കൈപ്പറ്റിയ തുക | നിലവിലെ അവസ്ഥ |
|---|---|---|---|---|
| 1 | ലീല സി ചാലിൽ കോളനി(ST) | 24.02.21 | 90000 | പണി തുടങ്ങിയിട്ടില്ല |
| 2 | ഹൃദ്യ കണ്ടത്തിൽ ഹൗസ് ചെക്യേരി (ST) | 10.12.19 | 90000 | ലിന്റൽ |

| | | | | |
|---|---|---|---|---|
| 3 | തമ്പി എ.കെ<br>വിജയനിവാസ്(ST) | 25.07.19 | 421429 | ലിന്റൽ |
| 4 | നിജ കെ.എസ്<br>എനിയാടൻ<br>ഹൗസ്സിറാമ്പിതാഴെ<br>പെരുവ(GENERAL) | 11.08.20 | 200000 | മേൽക്കൂര |
| 5 | ഡെയ്സി മാർട്ടിൻ<br>രചന ക്വാർട്ടേഴ്സ്<br>മാനന്തേരി(GENERAL) | 01.07.20 | 282157 | മേൽക്കൂര |

ഭവനനിർമ്മാണം പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**<u>1-21 ക്ളീൻകേരള -കൈപ്പറ്റ് രശീതില്ല</u>**

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി ഇ ഒ (കോളയാട്) |
| പ്രോജക്ടിന്റെ നമ്പരും പേരും | 236/21ക്ലീൻകേരള കമ്പനിക്ക് തുക നൽകൽ |
| അടങ്കൽ | ₹50932ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| ചെലവ് | ₹50932ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| ബിൽ നമ്പർ& തീയ്യതി | BRN 20220552010000742409/16.11.20: ₹50000<br>BRN 20220552010001100987/17.02.21 ₹932 |

ഗ്രാമപഞ്ചായത്തിന്റെ MCFൽ ശേഖരിച്ചിട്ടുള്ള പുനചംക്രമണയോഗ്യമല്ലാത്ത 4280 കി.ഗ്രാം അജൈവമാലിന്യങ്ങൾ നീക്കം ചെയ്യുതിനുള്ള തുകയായി ₹50932 മുകളിൽ കൊടുത്ത പ്രകാരം ക്ലീൻകേരള കമ്പനിക്ക് കൈമാറിയിട്ടുണ്ട്. തുക കമ്പനി കൈപ്പറ്റിയതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 9/17.09.21 ന് രശീതിനാവശ്യപ്പെട്ടിട്ട്

നാളിതുവരെയായി ലഭ്യമായിട്ടില്ലെന്നും വീണ്ടും ആവശ്യപ്പെട്ടിട്ടുണ്ടെന്നുമാണ് മറുപടി ലഭ്യമാക്കിയത്. നൽകിയ തുകക്ക് രശീതി ലഭ്യമാകുന്നുണ്ടെന്നുറപ്പുവരുത്തേണ്ടതാണ്.

## 1-22 സെക്യൂരിറ്റി രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല

കരാറുകാരിൽ നിന്നും ജാമ്യനിക്ഷേപമായി ലഭിക്കുന്ന പലിശ കിട്ടുന്ന സെക്യൂരിറ്റികളുടെ കൈപ്പറ്റലും, തിരിച്ചു നൽകലും നിരീക്ഷിക്കുവാനായി KPWD ഫാറം 81-ൽ പലിശകിട്ടുന്ന സെക്യൂരിറ്റികളുടെ രജിസ്റ്റർ സൂക്ഷിക്കുവാൻ കേരള പൊതുമരാമത്ത് അക്കൗണ്ട് കോഡിൽ നിഷ്കർഷിച്ചിട്ടുണ്ട്. (ഖ-15.6.1)എന്നാൽ സ്ഥാപനത്തിൽ ഈ വിധമുള്ള ഒരു രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടുള്ളത് 2019-20 വർഷം വരെ മാത്രമാണ് സെക്യൂരിറ്റി രജിസ്റ്റർ കാലികമാക്കി ആയത് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. ഈ വസ്തുതകളിന്മേൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ 16 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നിർവഹണ ഉദ്യോഗസ്ഥൻ അസി.എഞ്ചിനീയർ ലഭ്യമാക്കിയ മറുപടി പ്രകാരം അപാകങ്ങൾ പരിഹരിച്ച വിവരം ഓഡിറ്റിൽ ലഭ്യമാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട് .

## 1-23 കരാറുകാർ സെൽഫ് ഡിക്ലറേഷൻ ഫാറം ഹാജരാക്കാതെ GST കോമ്പൻസേഷൻ അനുവദിച്ചു

2020-21 സാമ്പത്തിക വർഷം സ്പിൽഓവറായി നടപ്പിലാക്കിയ ഭൂരിഭാഗം മരാമത്ത് പ്രവൃത്തികൾക്കും GST ഇനത്തിൽ 12% തുക എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി ഫൈനൽ ബില്ലിനൊപ്പം കരാറുകാർക്ക് നൽകിയിട്ടുണ്ട്. സ.ഉ(അച്ചടി) നം.87/2017/തസ്വഭവ, തീ. 01.11.2017 നമ്പർ ഉത്തരവ് പ്രകാരം മരാമത്ത് പ്രവൃത്തികൾ ഏറ്റെടുക്കുന്ന എല്ലാ കരാറുകാരും നിർബന്ധമായും GST രജിസ്ട്രേഷൻ എടുക്കേണ്ടതും ടെണ്ടറിനൊപ്പം ഹാജരാക്കേണ്ടതുമാണ്. സ.ഉ.(സാധാ.)നം.2532/2018/തസ്വഭവ, തീ. 29.09.2018 നമ്പർ ഉത്തരവ് പ്രകാരം GST കോമ്പൻസേഷൻ ക്ലെയിം ചെയ്യുന്നതിന് കരാറുകാർ അവരുടെ പൂർണ്ണമായ മേൽവിലാസം, GST നമ്പർ എന്നിവ ഉൾപ്പെടുത്തി ഒരു സെൽഫ് ഡിക്ലറേഷൻ നൽകണമെന്ന നിർദ്ദേശിച്ചിട്ടുണ്ട്. ഇതിനായി സമർപ്പിക്കേണ്ട മാതൃകയും സർക്കാർ ഈ ഉത്തരവിലൂടെ നിർദ്ദേശിച്ചിട്ടുണ്ട്.എന്നാൽ GST കോമ്പൻസേഷൻ അനുവദിച്ചു നൽകിയിട്ടുള്ള പ്രവൃത്തികളുടെ ഫയലുകളിലൊന്നുംതന്നെ സെൽഫ് ഡിക്ലറേഷൻ ഫോറം ഉൾപ്പെടുത്തിയിട്ടില്ല. വിവിധ മരാമത്ത് പ്രവൃത്തികളുടെ ഭാഗമായി 12% GST കോമ്പൻസേഷൻ അനുവദിച്ചു നൽകിയിട്ടുള്ള കരാറുകാരുടെ GST നമ്പർ രേഖപ്പെടുത്തിയ സെൽഫ് ഡിക്ലറേഷൻ ഫോറം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.ഈ വസ്തുതകളിന്മേൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ 17 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നിർവഹണ ഉദ്യോഗസ്ഥൻ അസി.എഞ്ചിനീയർ ലഭ്യമാക്കിയ മറുപടി പ്രകാരം അപാകങ്ങൾ പരിഹരിച്ച വിവരം ഓഡിറ്റിൽ ലഭ്യമാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം –3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 മാവേലി സ്റ്റോറിന് അധികതുക നൽകി : ₹10031 യുടെ ചെലവ് നിരാകരിക്കുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| പ്രോജക്ടിന്റെ നമ്പരും പേരും | 22/21 അംഗൻവാടി പോഷകാഹാരം(പട്ടികവർഗ്ഗം) |
| അടങ്കൽ | ₹347549വികസനഫണ്ട്<br>₹400000 കേന്ദ്രസഹായം |
| ചെലവ് | ₹347549വികസനഫണ്ട്<br>₹400000 കേന്ദ്രസഹായം |

മേൽ പദ്ധതിയുടെ ഭാഗമായി കേന്ദ്രസഹായമായ ₹400000 ചെലവഴിച്ചിരിക്കുന്നത് താഴെ പറയും പ്രകാരമാണ്. KGB ചെക്ക് നമ്പർ 670480811/18-03-21

സപ്ളൈകോ - ₹ 371000

ട്രാൻസ്പോർട്ടേഷൻ-₹ 29000

മുകളിൽ കൊടുത്തവയിൽ സപ്ളൈകോയിൽ നിന്ന്₹ 371000യുടെ സാധനങ്ങൾ വാങ്ങിയിരിക്കുന്നത് താഴെ പറയും പ്രകാരമാണ്. തുക മാവേലി സ്റ്റോറിന്റെ 16530200000907 നമ്പർ അക്കൗണ്ടിലേക്ക് കൈമാറി.

| ക്രമ നമ്പർ | ഇനം | റേറ്റ് | ബിൽ പ്രകാരം സാധനത്തിന്റെ തൂക്കം Kg | സ്റ്റോക്കിലെടുത്തത് | കുറവ് വന്നത് Kg | കുറവ് വന്ന സാധനങ്ങൾക്ക് ചെലവഴിച്ച തുക |
|---|---|---|---|---|---|---|
| 1 | ഉഴുന്ന് | 109 | 142 | 139 | 3 | 327 |
| 2 | ചെറുപയർ | 110 | 350 | 350 | 0 | 0 |
| 3 | കടല | 82 | 300 | 310 | 10(അധികം) | 820(അധികം) |

| | | | | | | |
|---|---|---|---|---|---|---|
| 4 | റാഗി | 61.16 | 20 | 21.5 | 1.5(അധികം) | 91.74(അധികം) |
| 5 | നിലക്കടല | 169.25 | 440 | 425 | 15 | 2538.75 |
| 6 | ഗോതമ്പ് | 52.69 | 3375 | 3325 | 50 | 2634.5 |
| 7 | വെളിച്ചെണ്ണ | 219.03 | 395 | 374.65 | 20.35 | 4457.26 |
| 8 | വെല്ലം | 73 | 62 | 61 | 1 | 73 |

കുറവ് വന്ന സാധനങ്ങളുടെ ആകെ തുക =₹10030.51

ബിൽ പ്രകാരം വിതരണം ചെയ്യതിലും കൂടുതൽ സാധനങ്ങൾ( കടല, റാഗി) സ്റ്റോക്കിലെടുത്തതെങ്ങനെയെന്നും വ്യക്തമല്ല . അംഗൻവാടി പോഷകാഹാരം സ്റ്റോക്ക് രജിസ്റ്റർ പേജ് നമ്പർ 24 ൽ സാധനങ്ങൾ മുകളിൽ കൊടുത്ത പ്രകാരം സ്റ്റോക്കിലെടുത്തത് അതാത് അംഗൻവാടി വർക്കറും സൂപ്പർവൈസറും സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 3/14-09-21 ന് നൽകിയ മറുപടിയിൽ മാവേലി സ്റ്റോർ ബിൽ വെരിഫൈ ചെയ്യാത്തത് മൂലമാണ് സാധനങ്ങൾ സ്റ്റോക്കിലെടുത്തതിൽ വ്യത്യാസം വന്നത് എന്നാണ്. എങ്കിൽ മാവേലി സ്റ്റോറിന് അധികം നൽകിയ തുക ഉത്തരവാദിയായവരിൽ നിന്നും ഈടാക്കേണ്ടതാണ്. അധികം ചെലവഴിച്ച ₹10031 ഓഡിറ്റിൽ നിരാകരിക്കുന്നു.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 | 16-09-2021, 17-09-2021 | കെ.എസ്.എ./കെ.എൻ.ആർ./ സി.11/1093/2021 തീയതി: 23.10.2021 |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| പേരാവൂർ ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 80000 | ലൈഫ് ഭവന നിർമ്മാണം(പൊതു വിഭാഗം | 80000 | 0 |

| | | | | | |
|---|---|---|---|---|---|
| | 2020-21 | 1190000 | ലൈഫ് ഭവന നിർമ്മാണം(പൊതു വിഭാഗം | 1190000 | 0 |
| | 2020-21 | 61875 | കുടുംബശ്രീ മുഖേന പച്ചക്കറി തൈ വിതരണം | 61875 | 0 |
| | 2020-21 | 150000 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 150000 | 0 |
| | 2020-21 | 150000 | ക്ഷീരകർഷകർക്ക് പാലിന് ഇൻസന്റീവ് | 150000 | 0 |
| | 2020-21 | 149000 | ഇടവിളകൃഷി വ്യാപനം | 149000 | 0 |
| | 2020-21 | 66428 | ലൈഫ് മിഷൻ പൂർത്തിയാവാത്ത ഭവനങ്ങളുടെ പൂർത്തീകരണം | 66428 | 0 |
| | 2020-21 | 700000 | ശ്മശാനത്തിന് സംരക്ഷണ ഭിത്തി നിർമ്മിക്കൽ | 700000 | 0 |
| കണ്ണൂർ ജില്ല പഞ്ചായത്ത് | 2020-21 | 150000 | സമ്പൂർണ്ണ പാലിയേറ്റീവ് പരിചരണം | 150000 | 0 |
| | 2020-21 | 68000 | നെൽകൃഷി വികസനം | 68000 | 0 |
| | 2020-21 | 137187 | ക്ഷീരകർഷകർക്ക് പാലിന് ഇൻസന്റീവ് | 137187 | 0 |
| | 2020-21 | 88000 | കോളയാട് സമ്പൂർണ പാലിയേറ്റീവ് പരിചരണ സൗഹൃദ പഞ്ചായത്ത് | 88000 | 0 |
| | 2020-21 | 400000 | അഗതി രഹിത കേരളം പദ്ധതി വീട് വാസയോഗ്യമാക്കൽ (ജനറൽ) | 400000 | 0 |

| | | | | | |
|---|---|---|---|---|---|
| | 2020-21 | 68000 | കരനെൽകൃഷി | 68000 | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| KURDFC ലോൺ- ലൈഫ് ഭവന പദ്ധതി | | 8513860 | 7660919 | 1259058 | 0 | 6401861 |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2011-12 | ഇല്ല | 2013-14 | 5-2-15 | സർക്കാർ എയ്ഡഡ് സ്കൂളിലെ അഡ്മിഷൻ നിലവാരം -താരതമ്യം | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2011-12 | ഇല്ല | 2013-14 | 5-2-15 | ശ്രദ്ധേയമായ നൂതനാശയങ്ങൾ | |
| 2009-10 | ഇല്ല | 2011-12 | 2-1 | ഗ്രാമസഭ-അപാകം-പൊതു അവലോകനം ,, | |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

**ഇല്ല**

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 72377969 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 73795029 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 10031 |

| | | |
|---|---|---|
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 231079 |

**(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 (1-14) | | 10031 | ശ്രീമതി. ബിന്ദു.ടി ഐ.സി.ഡി.എസ് സൂപ്പർ വൈസർ |

**<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-13 | 231079 | ശ്രീമതി. മുന്ന.പി.സദാനന്ദ് , സെക്രട്ടറി, |

**(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

**ഇല്ല**

**(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

**ഇല്ല**

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. മുന്ന.പി.സദാനന്ദ് , സെക്രട്ടറി, | സെക്രട്ടറി, കതിരൂർ ഗ്രാമ പഞ്ചായത്ത് | രാഘവ നിവാസ് കൊട്ടയോടി, പത്തായക്കുന്ന് |

## <u>4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ</u>

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| 2004-05 | നം .കെഎസ്എ /കെഎൻആർ / സി.11/728/2019. തി 17.07.2019. | 3 |
| 2005-06 | നം .കെഎസ്എ /കെഎൻആർ / സി.11/728/2019. തി 17.07.2019. | 4 |
| 2006-07 | നം .കെഎസ്എ /കെഎൻആർ / സി.11/728/2019. തി 17.07.2019. | 1 |
| 2007-08 | നം .കെഎസ്എ /കെഎൻആർ / സി.11/728/2019. തി 17.07.2019. | 3 |
| 2008-09 | നം .കെഎസ്എ /കെഎൻആർ / സി.11/728/2019. തി 17.07.2019. | 4 |
| 2009-10 | നം .കെഎസ്എ /കെഎൻആർ / സി.11/728/2019. തി 17.07.2019. | 4 |
| 2012-13,2013-14 | നം .കെഎസ്എ /കെഎൻആർ / സി.11/728/2019. തി 17.07.2019. | 3 |
| 2014-15 | നം .കെഎസ്എ /കെഎൻആർ / സി.11/728/2019. തി 17.07.2019. | 1 |
| 2015-16 | നം .കെഎസ്എ /കെഎൻആർ / സി.11/728/2019. തി 17.07.2019. | 1 |
| 2016-17 | നം .കെഎസ്എ /കെഎൻആർ / സി.11/728/2019. തി 17.07.2019. | 2 |
| 2017-18 | നം.കെഎസ്.എ/കെ.എൻ.ആർ/ സി11/2108/19 തി.5.11.2019 | 12 |
| 2018-19 | നം.കെഎസ്.എ/കെ.എൻ.ആർ/ സി11/973/2020 തി.18.12.2020 | 12 |
| 2019-20 | നം.കെഎസ്.എ/കെ.എൻ.ആർ/ സി11/1092/2021 | |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

**<u>അനുബന്ധം-1</u>**

**<u>ഓഡിറ്റ് സാക്ഷ്യപത്രം</u>**

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കണ്ണൂർ ജില്ലയിലെ കോളയാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ കോളയാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# Annex3-1

## റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്

| | | | |
|---|---|---|---|
| | **Kolayad Grama Panchayat RECEIPT & PAYMENT STATEMENT** | | |
| | For the period from 01-April-2020 to 31-March-2021 | | |
| Code.No | Description of Items | Schedule No | Amount |
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 18925500.00 |
| Cash | Cash | RP-40(a) | 314.00 |
| | **Operating** | | |
| 110000000 | Tax Revenue | RP-1 | 904050.00 |
| 130000000 | Rental income from Panchayat Properties | RP-3 | 85615.00 |
| 140000000 | Fees & User Charges | RP-4 | 580502.00 |
| 150000000 | Sale & Hire Charges | RP-5 | 69136.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 53651158.00 |
| 171000000 | Interest Earned | RP-9 | 68321.00 |

| | | | |
|---|---|---|---|
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 10296626.00 |
| 350000000 | Other Liabilities | RP-36 | 1154305.00 |
| | **Non Operating** | | |
| 180000000 | Other Income | RP-10 | 2980.00 |
| 340000000 | Deposits Received | RP-34 | 411207.00 |
| 350000000 | Other Liabilities | RP-36 | 547976.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 4606093.00 |
| | **Grand total** | | **91303783.00** |
| | **PAYMENTS** | | |
| | **Operating** | | |
| 210000000 | Establishment Expenses | RP-11 | 2857033.00 |
| 220000000 | Administrative Expenses | RP-12 | 1118581.00 |
| 230000000 | Operations & Maintenance | RP-13 | 1002590.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 5521124.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 21573397.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 2970276.00 |

| | | | |
|---|---|---|---|
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 1192758.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 458200.00 |
| 255000000 | Maintenance Projects | RP-20 | 11643446.00 |
| 280000000 | Prior Period item | RP-26 | -150.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 4384813.00 |
| 340000000 | Deposits Received | RP-34 | 0.0 |
| 350000000 | Other Liabilities | RP-36 | 4771388.00 |
| | **Non Operating** | | |
| 240000000 | Interest & Finance Charges | RP-14 | 1161.00 |
| 280000000 | Prior Period Item | RP-26 | -4912.00 |
| 340000000 | Deposits Received | RP-34 | 126952.00 |
| 350000000 | Other Liabilities | RP-36 | 2481282.00 |
| 410000000 | Fixed Assets | RP-38 | 1853494.00 |
| 412000000 | Capital work in Progress | RP-40 | 6413179.00 |

| | | | |
|---|---|---|---|
| 420000000 | Investments | RP-41 | 0.0 |
| 431000000 | Sundry Debtors (Receivables) | RP-43 | 3230794.00 |
| 460000000 | Loans, Advances and Deposits | RP-47 | 2199623.00 |
| | **Closing Balance** | | |
| Bank | Bank | RP-40(b) | 17430973.00 |
| Cash | Cash | RP-40(b) | 77781.00 |
| | **Grand Total** | | **91303783.00** |

## Annex3-2

## ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്

| | | | |
|---|---|---|---|
| | **Kolayad Grama Panchayat INCOME & EXPENDITURE STATEMENT** | | |
| | For the period from 01-April-2020 to 31-March-2021 | | |
| Code.No | Description of Items | Schedule No | Amount |
| | **INCOME** | | |
| 110000000 | Tax Revenue | I-1 | 3820995.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 1102832.00 |
| 140000000 | Fee & User Charges | I-4(b) | 1299227.00 |
| 150000000 | Sale & Hire Charges | I-5(b) | 69136.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 170327880.00 |
| 171000000 | Interest Earned | I-8 | 68321.00 |
| 180000000 | Other Income | I-9 | 2980.00 |
| | **Total Income** | | **176691371.00** |
| | **EXPENDITURE** | | |

| | | | |
|---|---|---|---|
| 210000000 | Establishment Expenses | I-10(b) | 11039712.00 |
| 220000000 | Administrative Expenses | I-11(b) | 1168255.00 |
| 230000000 | Operations & Maintenance | I-12(b) | 1110326.00 |
| 240000000 | Interest & Finance Charges | I-13 | 1161.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 7098883.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 73262830.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 2270276.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 1282758.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 58239800.00 |
| 255000000 | Maintenance Projects | I-14(e) | 11643446.00 |
| 272000000 | Depreciation | I-17(a) | 8313451.00 |
| | **Total Expenditure** | | **175430898.00** |
| | **Gross Surplus/ Deficit of income over Expenditure** | | **1260473.00** |
| 280000000 | Prior Period Item | I-18 | -1583834.00 |
| | **Gross Surplus/Deficit of Income over Expenditure after prior period items.** | | **2844307.00** |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

## Annex3-3

## ബാലൻസ് ഷീറ്റ്

| **Kolayad Grama Panchayat BALANCE SHEET** | | | |
|---|---|---|---|
| For the period from 01-April-2020 to 31-March-2021 | | | |
| Code.No | Description of Items | Schedule No | Amount |
| | **LIABILITIES** | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | 12836571.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 18067.00 |
| 312000000 | Reserves | B-3 | 74904689.00 |

| | | | |
|---|---|---|---|
| | **Total Reserve & Surplus** | | **87759327.00** |
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 7944499.00 |
| | **Total Grants, Contributions for Specific Purposes** | | **7944499.00** |
| | **Loans** | | |
| 330000000 | Secured Loans | B-5 | 6401861.00 |
| | **Total Loans** | | **6401861.00** |
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 1467964.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 4214485.00 |
| | **Total Current Liabilities and Provisions** | | **5682449.00** |
| | **TOTAL LIABILITIES** | | **107788136.00** |
| | **ASSETS** | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 99721193.00 |
| 411000000 | Accumulated Depreciation | B-11 | -20614879.00 |
| 412000000 | Capital Work in Progress | B-11(a) | 129354.00 |
| | **Total Fixed Assets** | | **79235668.00** |
| | **Investments** | | |
| 420000000 | Investments-General Fund | B-12 | 0.0 |
| | **Total Investments** | | **0.0** |
| | **Current Assets, Loans and Advances** | | |
| 431000000 | Sundry Debtors (Receivables) | B-15 | 3574539.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 6401861.00 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.